(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) ഏതെല്ലാം റോഡുകളിൽ കാനകൾ നിർമ്മിക്കാനാണ് ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ നൽകിയിട്ടുള്ളത്;

(എഫ്) ഈ കാനകൾ നിർമ്മിക്കുന്നതിനാവശ്യമായ അനുമതി എത്രയും വേഗം നൽകുന്നതിനും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്യാവശ്യമായി കാനകൾ പണിയുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റുകൾ സർക്കാരിന്റെ പരിശോധനയിലാണ്.

(ഇ) താഴെപ്പറയുന്ന റോഡുകളിൽ കാനകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകളാണ് ലഭിച്ചിട്ടുള്ളത്.

1. സി.സി.എൻ.ബി. നോർത്ത് ബാങ്ക് ഇരുമ്പുപാലം മുതൽ സീറോ ജംഗ്ഷൻ വരെ 400 മീറ്റർ.
2. സി.സി.എൻ.ബി. കല്ലുപാലം മുതൽ ചുങ്കം വരെ 500 മീറ്റർ.
3. സി.സി. എസ്.ബി. കല്ലുപാലം മുതൽ ചുങ്കം വരെ 500 മീറ്റർ.
4. ആര്യാട് മൺറോലൈറ്റ് റോഡിൽ 500 മീറ്റർ.
5. കല്ലൻ റോഡിൽ പിച്ചു അയ്യർ ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് 440 മീറ്റർ.
6. കല്ലൻ റോഡിൽ പിച്ചു അയ്യർ ജംഗ്ഷൻ മുതൽ കിഴക്കോട്ട് എ.വി.ജെ. ജംഗ്ഷൻ വരെ.
7. ആലപ്പുഴ മധുര റോഡിൽ തോണ്ടൻ കുളങ്ങര ജംഗ്ഷനിൽ നിന്നും 900 മീറ്റർ നീളം.
8. പാലസ് റോഡിൽ സക്കറിയ ബസാർ ജംഗ്ഷൻ മുതൽ കിഴക്കോട്ടും പടിഞ്ഞാറോട്ടും 520 മീറ്റർ വീതം.
9. സി.സി.എസ്.ബി. ഇരുമ്പുപാലം മുതൽ കല്ലുപാലം വരെ 450 മീറ്റർ.

(എഫ്) ഇക്കാര്യം പരിശോധനയിലാണ്.

99 (566) നെടുമങ്ങാട് പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് നവീകരണ നടപടി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് പുതിയതായി പണി കഴിപ്പിച്ച് ഉൽഘാടനം നടത്തിയ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന്റെ നവീകരണത്തിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റസ്റ്റ് ഹൗസിൽ ഫോൺ കണക്ഷൻ നൽകുന്നതിനും ഒരു കുക്കിനെ നിയമിക്കുന്നതിനും ഒരു മുറി എയർകണ്ടീഷൻ ചെയ്യുന്നതിനും ആയി സ്ഥലം എം.എൽ.എ. നൽകിയ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) നെടുമങ്ങാട് റസ്റ്റ് ഹൗസിനെ ക്ലാസ്-1 റസ്റ്റ് ഹൗസ് ആക്കി മാറ്റുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) നെടുമങ്ങാട് റസ്റ്റ് ഹൗസിന്റെ ഉൽഘാടനവേളയിൽ എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം പ്രസ്തുത റസ്റ്റ് ഹൗസ് ക്ലാസ്-1 റസ്റ്റ് ഹൗസായി ഉയർത്തുന്നതിനും അതിലേയ്ക്കാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും, ടെലിഫോൺ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

100 (567) നെല്ലാംകണ്ടി കടവിലെ പാലം നിർമ്മാണം

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിലെ നെല്ലാംകണ്ടി എളേറ്റിൽ-വട്ടോളി റോഡിൽ നെല്ലാംകണ്ടി കടവിൽ പാലം നിർമ്മിക്കുന്നതിന് എത്ര ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയത്;

(ബി) പാലം പണി തുടങ്ങുന്നതിന് ആവശ്യമായ തുക 2000-2001-ലെ ബഡ്ജറ്റിൽ കൊള്ളിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കോഴിക്കോട്-വയനാട് റോഡിൽ വാവാട് സെന്റർ ബാസാർ ഭാഗത്ത് റോഡിന് വീതി കുറവായതിനാൽ വാഹനങ്ങൾ പോകുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വാവാട് ഭാഗത്ത് ഒരു കിലോമീറ്റർ ദൂരം ടാറിംഗ് നടത്തി വീതി കൂട്ടി ഗതാഗതകുരുക്ക് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 29/5/99 ലെ ജി.ഒ. ആർ.ടി. നം. 502/99/പൊമവ പ്രകാരം 171 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ഈ പാലം നിർമ്മിക്കുന്നതിനായി നൽകിയത്.

(ബി) നബാർഡിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി&ഡി) വാവാട് സെന്റർ ബാസാർ ഭാഗം ഉൾപ്പെടെയുള്ള റോഡ് നാഷണൽ ഹൈവേയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ റോഡ് ദേശീയപാതാ വിഭാഗത്തിന് കൈമാറാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly